## സാമൂഹ്യ ജലസേചന പദ്ധതി

29 (2579) ശ്രീ. എൻ. ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന സാമൂഹ്യ ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി അനുസരിച്ച് ജില്ലയിൽ എത്ര ജലസേചന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പദ്ധതി മുഖാന്തിരം എത്ര ഏക്കർ സ്ഥലത്ത് പുതിയതായി ജലസേചന സൗകര്യം ലഭിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതി മുഖേന കുഴിച്ച കുഴൽക്കിണറുകൾ എത്ര ;

(ഇ) പ്രസ്തുത പദ്ധതി അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന കേരള സാമൂഹ്യജലസേചന പദ്ധതി പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്.

(ബി) അഞ്ചു കൂടിവെള്ള പദ്ധതികൾ ഉൾപ്പെടെ 96 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 1037.50 ഏക്കറിൽ

(ഡി) ആകെ 131 എണ്ണം.

(ഇ&എഫ്) ഇല്ല. ഈ പദ്ധതി സമീപത്തുള്ള മൂന്നു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## തയ്യൂർ ലിഫ്റ്റ് ഇറിഗേഷൻ

30 (2596) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ ആവശ്യത്തിനായി വനം വകുപ്പ് സ്ഥലം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത് ;

(സി) പദ്ധതിയുടെ പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. 9-1-1996-ലെ സർക്കാർ ഉത്തരവ് പ്രകാരം 0.088 ഹെക്ടർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൊറ്റി-കോട്ടപ്പുറം ജലപാത**

**31 (2598)** ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലപാതയുമായി ബന്ധപ്പെട്ട് ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്ത ബോട്ടുജെട്ടികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ബോട്ടുജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ, ഹോസ്പിറ്റൽ കടവ്, റൈസ്മിൽ കടവ്, ഇടയിലക്കാട് നോർത്ത്, ഉദിയന്നൂർ കടപ്പുറം, മാടക്കൽ, പാണ്ഡ്യാലകടവ് എന്നീ ആറു ബോട്ടുജെട്ടികളുടെ പണി ടെൻഡർ കഴിഞ്ഞിട്ടുണ്ട്. അവയിൽ ഇടയിലക്കാട്-നോർത്ത്, മാടക്കൽ എന്നീ ബോട്ടു ജെട്ടികളുടെ പണിയൊഴികെ ബാക്കി നാലു ബോട്ടുജെട്ടികളുടെ പണികൾക്കുള്ള കോൺട്രാക്ട് എഗ്രിമെന്റ്, കരാറുകാർ ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ, പുറത്തേകൈ, അച്ചൻതുരുത്തി, തൈകടപ്പുറം, ഓർക്കുളം, ഓരിസൗത്ത് തെക്കേക്കാട് വെസ്റ്റ് തെക്കേക്കാട് സെന്റർ, തൈക്കാട് സൗത്ത്, പടന്ന കടപ്പുറം എന്നീ ഒൻപതു ബോട്ടുജെട്ടികളുടെ പണികൾക്കായി അടുത്ത കാലത്ത് ദർഘാസ് ക്ഷണിച്ചിട്ടുമുണ്ട്.

(ബി) ഈ ബോട്ടുജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾ, ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.ഐ.പി. കനാലിന്റെ ശാഖ നീട്ടാൻ നടപടി**

**32 (2583)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഐ.പി. കനാലിന്റെ ശാഖ കായംകുളത്തേയ്ക്ക് നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) എവിടെനിന്നാണ് കായംകുളത്തേയ്ക്ക് നീട്ടേണ്ടത് അതിന് എത്ര ദൂരം വരും ?

LIBRARY ARCHIVES Kerala Legislative Assembly